**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 810 — 09.11.2016 -ൽ മറുപടിക്ക്

## വിനോദസഞ്ചാര കേന്ദ്രങ്ങളിൽ ഭിന്നശേഷിക്കാർക്ക് അധികസൗകര്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ.കുഞ്ഞാലിക്കുട്ടി<br>ശ്രീ. മഞ്ഞളാംകുഴി അലി<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ. കെ. എം. ഷാജി | ശ്രീ. എ.സി.മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി) |
| എ) ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികൾക്കു കൂടി സൗകര്യപ്രദമായ വിധത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മാറ്റിയെടുക്കുന്നതിനുള്ള കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എങ്കിൽ ഏതൊക്കെ രീതിയിലുള്ള സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) ഭിന്നശേഷിക്കാർക്കായി ടൂറിസം കേന്ദ്രങ്ങളെ അനുഭവവേദ്യമാക്കാൻ തക്കവുള്ള ഭിന്നശേഷി ടൂറിസ്റ്റ് സൗകര്യങ്ങൾ ഒരുക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഭിന്നശേഷി സൗഹൃദ ടോയ് ലറ്റുകൾ, റാമ്പുകൾ, നടപ്പാതകൾ, വിശ്രമമുറികൾ, പ്രത്യേക പാർക്കിംഗ് മേഖലകൾ, മറ്റ് സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിനായി ഓരോ ടൂറിസം കേന്ദ്രത്തിന്റെയും |

ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, വരുത്തേണ്ട മാറ്റങ്ങൾ എന്നിവയെ സംബന്ധിച്ച വിശദമായ പഠനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന 'ഗ്രീൻ കാർപ്പറ്റ്' പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുന്നത് ഉൾപ്പെടെ ഭിന്നശേഷി സൗഹാർദ്ദം കൂടി ഉൾപ്പെടുത്താൻ ആലോചിക്കുന്നുണ്ട്.

സി) വിദേശികളായ വിനോദസഞ്ചാരികളെക്കൂടി ആകർഷിക്കത്തക്കവിധം പരിഷ്കൃത സൗകര്യങ്ങളെക്കുറിച്ച് ആവശ്യമായ പ്രചരണം നൽകുമോ?

സി) ടൂറിസം പ്രചാരണത്തിന്റെ ഭാഗമായി വിദേശ മാർക്കറ്റുകളിൽ നടത്തി വരുന്ന പ്രചരണ പരിപാടികളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും മറ്റ് പരിഷ്കൃത സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനെക്കുറിച്ചും പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്.

(signature)

സെക്ഷൻ ഓഫീസർ.